പുറമ്പോക്ക് ഭൂമി കൈയ്യേറ്റം

121 [1346] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ തിരുമല വില്ലേജിൽ കരമനയാറിന്റെ തീരത്ത് സർവ്വെ നമ്പർ 2011-ൽപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ത്രിവിക്രമംഗലം മഹാവിഷ്ണു ക്ഷേത്രത്തിന് മുൻവശമുള്ള ക്ഷേത്രവക ഭൂമിയും, അതിനോട് ചേർന്നുള്ള പുറമ്പോക്ക് ഭൂമിയും സ്വകാര്യ വ്യക്തി കയ്യടക്കി വച്ചിരിക്കുന്നത് സംബന്ധിച്ച് ക്ഷേത്രോപദേശക സമിതിയുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വന്യു വകുപ്പിന്റെ 20-3-1974-ലെ 43136/പി1/71/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം ദേവസ്വം, സർക്കാർ ഭൂമികളിൽ നിന്നും സ്വകാര്യ വ്യക്തിയെ ഒഴിപ്പിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ബി) ഉണ്ട്. തിരുവനന്തപുരം തഹസീൽദാർ മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ ആർ. ഡി. ഒ. മുഖേന വീണ്ടും അന്വേഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആർ. ഡി. ഒ.യുടെ റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സർവ്വീസ് കേസുകൾ

122 [1348] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസുകൾ വിവിധ കോടതികളുടെ പരിഗണനയിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

യു. ഡി. സി./എസ്. വി. ഒ.മാരുടെ സീനിയോറിറ്റി ലിസ്റ്റ്

123 [1349] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ യു. ഡി. സി./എസ്. വി. ഒ.മാരുടെ 1-6-1998 മുതൽ 31-12-2000 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസിദ്ധീകരിച്ചില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly